ശ്രീ. കെ. എം. മാണി: സർ, കോടതികളുടെ എണ്ണം കുറഞ്ഞതു കൊണ്ട് വളരെയധികം കേസുകളും പെൻഡിംഗ് ആയിട്ടുണ്ട്. പറഞ്ഞ നിർദ്ദേശം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. എം. വടയ ർ ഗോവിന്ദൻ: കണ്ണൂരിൽ വളരെക്കാലമായിപവർത്തിച്ചിരുന്ന അഡീഷണൽ മുൻസിഫ് കോടതി നിറുത്തൽ ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ? ആ തീരുമാനത്തിനെതിരായി വല്ല നിവേദനവും ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ? ആ തീരുമാനം റദ്ദ് ചെയ്യാൻ ഗവൺമെന്റ് നടപടിയെടുക്കുമോ?

ശ്രീ. കെ. എം. മാണി: അതിനു പ്രത്യേകം നോട്ടീസ് വേണം.

നക്സലൈറ്റ് തടവുകാരെ മോചിപ്പിക്കുന്നതു സംബന്ധിച്ച കേന്ദ്ര നിർദ്ദേശം

*640 [697] ശ്രീ. എം. കെ. കൃഷ്ണൻ:
,, എം. വി. രാഘവൻ:
,, എൻ. സുബ്രഹ്മണ്യ ഷേണായ്:
,, കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽവാസം അനുഭവിക്കുന്ന നക്സലൈറ്റ് തടവുകാരെ മോചിപ്പിക്കുന്നതിന് കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ് ആ നിർദ്ദേശമെന്ന് വ്യക്തമാക്കുമോ;

(സി) ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണോ 1977 ജൂലൈ മാസത്തിൽ സംസ്ഥാനത്തെ ജയിലുകളിൽനിന്നും 20 നക്സലൈറ്റുകളെ മോചിപ്പിച്ചത്;

(ഡി) ആണെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇനിയുള്ള നക്സലൈറ്റ് തടവുകാരെ മോചിപ്പിക്കാതിരിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) (1) വിചാരണയിൽ കഴിയുന്നവരും അഞ്ചോ അതിലധികമോ വർഷം കസ്റ്റഡിയിൽ കഴിയുന്നവരും എന്നാൽ ഗുരുതരമായ കേസ്സുകളിൽപെട്ടിട്ടില്ലാത്തവരും ആയവരെ, അവർ വിപ്ലവമാർഗ്ഗം കൈവെടിഞ്ഞ് ജനാധിപത്യ മാർഗ്ഗത്തിലേക്ക് മടങ്ങുന്നുവെന്ന് പ്രതിജ്ഞ നൽകുന്നപക്ഷം അവരുടെ പേരിൽ ഉള്ള കേസുകൾ പരിശോധിച്ച് വിട്ടയക്കാമോ എന്നും.

(2) കേസിൽ ശിക്ഷിക്കപ്പെട്ട് അഞ്ച് കൊല്ലമോ അതിലധികമോ കാലം തടവിൽ കഴിയുന്നവരെ മേൽപ്പറഞ്ഞതുപോലുള്ള പ്രതിജ്ഞാപത്രത്തിന് വിധേയമായി അവരുടെ ശിക്ഷ ഇളവുചെയ്ത് വിട്ടയയ്ക്കാമോ എന്നും പരിശോധിക്കണമെന്നുള്ളതായിരുന്നു ആ നിർദ്ദേശങ്ങളുടെ ചുരുക്കം.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) പൊതുജന താൽപര്യത്തെ മുൻനിർത്തി ഇനിയുള്ള നക്സലൈറ്റു തടവുകാരുടെ കാര്യം തൽക്കാലം പുനഃപരിശോധിക്കേണ്ടതില്ലെന്ന് ഗവണ്മെൻറ് തീരുമാനിച്ചു.

ശ്രീ. എം. കെ. കൃഷ്ണൻ: അങ്ങനെയുള്ള നക്സലൈറ്റു തടവുകാരുടെ കാര്യം പുനഃപരിശോധിക്കേണ്ടതില്ലെന്ന് ഗവൺമെൻറ് തീരുമാനിച്ചു എന്നു പറഞ്ഞു. കേന്ദ്രഗവൺമെൻറ് അയച്ചിട്ടുള്ള നിർദ്ദേശപ്രകാരം അവരുടെ നയത്തിൽനിന്ന് മാറ്റം വരുത്തുകയും ജനാധിപത്യപരമായ മാറ്റങ്ങൾക്ക് അവരെ പ്രേരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവർ അതു സമ്മതിച്ചാൽ അവരെ മോചിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നാണ് വച്ചിട്ടുള്ളത്. അപ്രകാരം ചെയ്യുന്ന തടവുകാർ ഇപ്പോഴും ജയിലിൽ ഉണ്ടെന്ന് അറിയാമോ?

ശ്രീ. കെ. എം. മാണി: ഞാൻ രണ്ടുമൂന്ന് കണ്ടീഷനുകളും പറഞ്ഞു. ഗുരുതരമല്ലാത്ത കേസുകളിൽപെട്ടവർ, അഞ്ചുവർഷം കഴിഞ്ഞവർ പ്രതിജ്ഞാപത്രത്തിൽ ഒപ്പിടുന്നവർ ഇങ്ങനെയൊക്കെ വളരെയധികം വ്യവസ്ഥകളുണ്ട്. ഈ വ്യവസ്ഥകളിൽപെടുന്നവരെ വിട്ടയയ്ക്കണമെന്നുണ്ടെങ്കിൽ പര്യാലോചിക്കാവുന്നതാണ് എന്നാണ് കേന്ദ്രത്തിൻറെ നിർദ്ദേശം. അതേസംബന്ധിച്ച് പര്യാലോചിച്ച് വളരെ ഔദാര്യപരം ആയിട്ടാണ് ഗവൺമെൻറ് വിട്ടത്. കേന്ദ്രമന്ത്രി ചരൺസിംഗ് ''പ്രതിജ്ഞാപത്രം വാങ്ങിയതിനുശേഷം'' എന്ന് നിർദ്ദേശിച്ചുവെങ്കിലും സംസ്ഥാന ഗവൺമെൻറ് പ്രതിജ്ഞാപത്രം അവരെക്കൊണ്ട് ഒപ്പിടുവിക്കണ്ടാ എന്ന് തീരുമാനിച്ചു. പ്രതിജ്ഞാപത്രംപോലും ഇല്ലാതെയാണ് 20 പേരെ വിട്ടത്. ബാക്കിയുള്ള ആളുകളെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് പരിശോധിച്ചു. ഇപ്പോഴും കിടക്കുന്ന ആളുകളെ വിടാൻ സാദ്ധ്യമല്ല എന്ന നിലപാടാണ് ഗവൺമെൻറ് എടുത്തിട്ടുള്ളത്.

ശ്രീ. എം. കെ. കൃഷ്ണൻ: കേന്ദ്രം നിർദ്ദേശിച്ച വ്യവസ്ഥകളിൽ ഉൾപ്പെടുന്ന നക്സലൈറ്റ് തടവുകാർ ഇപ്പോഴും ജയിലിനകത്തുണ്ടോ; ഉണ്ടെങ്കിൽ അവരെ മോചിപ്പിക്കാൻ എന്താണ് ബുദ്ധിമുട്ട്?

ശ്രീ. കെ. എം. മാണി: കേന്ദ്രത്തിൻറെ നിർദ്ദേശം മാൻഡേറ്ററി അല്ല. സബ്ജക്റ്റീവ് സാറ്റിസ്ഫാക്ഷൻറെ അടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യമാണ്.

ശ്രീ. എം. വി. രാഘവൻ: പിന്തിരിപ്പനായ ഒരു കേന്ദ്ര ഗവൺമെൻറ് കൂടി നക്സലൈറ്റ് തടവുകാരെ വിട്ടയയ്ക്കാൻ പറയുമ്പോഴും നമ്മുടെ കമ്മ്യൂണിസ്റ്റായിട്ടുള്ള മുഖ്യമന്ത്രി ഇരിക്കുന്ന ഈ ഗവൺമെൻറ് അവരെ വിട്ടയയ്ക്കാതിരിക്കുന്നത് ശരിയാകുമോ? നക്സലൈറ്റ് തടവുകാർക്കുവേണ്ടി പിരിവുവരെ നടത്തിയവരാണ് ഈ ഗവൺമെൻറിൻറെ തലപ്പത്തിരിക്കുന്നവർ. നക്സലൈറ്റ് തടവുകാരെ അടിയന്തിരമായി വിട്ടയയ്ക്കണമെന്ന് ആ പാർട്ടിക്കും അഭിപ്രായമുണ്ട്. നക്സലൈറ്റ് കുറ്റക്കാർ എന്നു പറയുന്നത് ഒരു രാഷ്ട്രീയ നയത്തിൻറെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചവരാണ്. അതുകൊണ്ട് അവരെ വിട്ടയക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ഈ വ്യവസ്ഥകളെ സംബന്ധിച്ച് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇവിടെ ഒരു തീരുമാനമെടുക്കുന്നത് മാർക്സിസ്റ്റ് പാർട്ടിയുടെയോ ഏതെങ്കിലുമൊരു പാർട്ടിയുടെയോ നയത്തിൻറെ അടിസ്ഥാനത്തിലല്ല. മെരിറ്റിൻറെ അടിസ്ഥാനത്തിൽ തീരു

LIBRARY ARCHIVES Kerala Legislative Assembly

മാനിക്കേണ്ട കാര്യമാണ്. ഈ ഗവൺമെന്റ് തന്നെ വളരെ ഓണറബിളായിട്ടുള്ള, വളരെ പുരോഗമനപരമായിട്ടുള്ള തീരുമാനം എടുത്തു. അതിനപ്പുറത്ത് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എം. വി. രാഘവൻ: തടവുകാരെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റ് പറഞ്ഞ കണ്ടീഷൻ എഴുതിത്തരികയാണെങ്കിൽ വിട്ടയയ്ക്കണം എന്നുള്ള കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം ഈ ഗവൺമെന്റ് ലംഘിക്കുന്നു എന്നാണോ പറയുന്നത്?

ശ്രീ. കെ. എം. മാണി: അങ്ങനെ ആരെക്കൊണ്ടെങ്കിലും എഴുതിച്ചു തരാൻ രാഘവനു മുന്നോട്ടു വരികയാണെങ്കിൽ എഴുതിച്ചു തരട്ടെ. അതിനു ശേഷം അതൊക്കെ പരിശോധിക്കാം.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: നക്സലൈറ്റ് തടവുകാരായി ഇന്നു ജയിലിലുള്ളവരിൽ വിചാരണയിൽ ഇരിക്കുന്നവർ എത്ര? അവരെ വിട്ടയയ്ക്കുന്ന കാര്യം ഗവൺമെന്റ് പുനഃപരിശോധിക്കുമോ?

ശ്രീ. കെ. എം. മാണി: നക്സലൈറ്റ് തടവുകാർ ഇനി ജയിലിൽ ആകെ 48 പേർ ഉണ്ട്. 35 പേർ കൺവിക്റ്റഡ് ആണ്. 13 പേർ അണ്ടർ ട്രയൽസ് ആണ്.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: സിങ്കിടം സെല്ലിൽ ഇട്ട് 24 മണിക്കൂറും ഇവരെ ജയിലിനകത്ത് അടച്ചിട്ടിരിക്കുകയാണ് ചെയ്യുന്നത് എന്ന വിവരം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ?

ശ്രീ. കെ. എം. മാണി: ആ ഇൻഫർമേഷൻ തെറ്റാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിൽ രാഷ്ട്രീയക്കാർ എന്തെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ, ആ സാഹചര്യം നീങ്ങിയിട്ടുണ്ടെങ്കിൽ ആ കുറ്റക്കാരെയെല്ലാം മോചിപ്പിക്കുക എന്നുള്ളത് സാധാരണ ഗതിയിൽ എടുക്കുന്ന ഒരു നടപടിക്രമമാണ്, എന്നുള്ളത് മുൻനിറുത്തി ഇതൊരു പ്രത്യേക സാഹചര്യത്തിൽ അഖിലേന്ത്യാടിസ്ഥാനത്തിലും ഈ സംസ്ഥാനത്തിലും ഉണ്ടായിട്ടുള്ള ഒരു കാര്യമാണെന്ന് മനസ്സിലാക്കി, അത്തരത്തിലുള്ള സാഹചര്യം ഒന്നും ഇന്ന് അഖിലേന്ത്യാ നിലവാരത്തിലോ ഈ സംസ്ഥാനത്തിലോ ഇല്ല എന്നുള്ളത് കണക്കാക്കി നക്സലൈറ്റ് തടവുകാരെ മുഴുവനും തന്നെ അടിയന്തിരമായി വിടാനുള്ള നടപടിയെപ്പറ്റി ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കെ. എം. മാണി: ഏതെങ്കിലുമൊരു പ്രത്യേക സാഹചര്യത്തിലാണ് അറസ്റ്റ് ചെയ്തത് എന്നുപറയുന്നത് ശരിയല്ല. അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ.....

ശ്രീ. കെ. ചന്ദ്രശേഖരൻ: ഞാൻ അടിയന്തിരാവസ്ഥയെ ഉദ്ദേശിച്ചല്ല പ്രത്യേക സാഹചര്യം എന്നുപറഞ്ഞാൽ നക്സലൈറ്റ് ആക്രമണങ്ങൾ ഇൻഡ്യയിലും ഈ സംസ്ഥാനത്തും നടന്നതായിട്ടുള്ള സാഹചര്യത്തെ ഉദ്ദേശിച്ചാണ് പറഞ്ഞത്.

ശ്രീ. കെ. എം. മാണി: ആ പ്രത്യേക സാഹചര്യം ഇന്നും നിലനിൽപുണ്ട്. ഇൻഡ്യയിൽ കേരളം ഒഴിച്ചുള്ള മറ്റ് പല സംസ്ഥാനങ്ങളിലും കണക്കുകൾ അതുതന്നെയാണ് കാണിക്കുന്നത്. കേരളത്തിൽ അത് പാടേ നിന്നു എന്ന് അർത്ഥമില്ല. നക്സലൈറ്റ് പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കലാസാംസ്കാരികവേദികളിൽ അവർ രംഗപ്രവേശനം ചെയ്തിട്ടുണ്ട്. പക്ഷേ പോലീസ് സസൂക്ഷ്മം അവരുടെ പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. കേസുകളെല്ലാം ഒറ്റയടിക്ക് പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്തുകൊണ്ട് മാസ് സ്കെയിലിൽ അവരെ പുറത്തേക്ക് വിടണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. മെരിറ്റിന്റെ അടിസ്ഥാനത്തിൽ ഓരോ കേസും പരിശോധിച്ച് 20 പേരെ ഇപ്പോൾ വിട്ടയച്ചു. ബാക്കിയുള്ളവരെ വിട്ടയക്കാൻ കാരണമൊന്നും കാണുന്നില്ല.

ശ്രീ. സേവ്യർ അറയ്ക്കൽ: നമ്മുടെ സംസ്ഥാനത്ത് അക്രമാസ്ഥ ഉണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഇത്രയും പേരെ അറസ്റ്റ് ചെയ്തത്. 20 പേരെ വിട്ടുകഴിഞ്ഞു. അവരെ വിട്ടതിനു ശേഷം ഈ സംസ്ഥാനത്തുള്ള ക്രമസമാധാനനില എന്താണെന്നും അവരുടെ പ്രവർത്തനം സംസ്ഥാനത്തിലെ പൊതുജനങ്ങൾക്ക് ഭീഷണിയാകത്തക്ക വിധത്തിലാണോ എന്നും ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: സംസ്ഥാനത്തെ ക്രമസമാധാനവും അവരുടെ ജയിൽവാസവും തമ്മിൽ ബന്ധമൊന്നുമില്ല. കൊലയും കൊള്ളിവയ്പ്പും നടത്തി ശിക്ഷിക്കപ്പെട്ടു കിടക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ ശിക്ഷാകാലാവധി പൂർത്തിയാക്കുക എന്നുള്ളതാണ്. നമ്മുടെ സംസ്ഥാനത്തെ ക്രമസമാധാനം ഒരു പക്ഷേ ബെറ്റർ ആയിരുന്നു എന്നു വന്നേക്കാം. പക്ഷേ അവരുടെ ശിക്ഷ അവർ അനുഭവിക്കേണ്ടതോണ്. ഇത് രണ്ടും രണ്ടാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 1977 ജൂലൈ മാസത്തിലാണ് 20 നക്സലൈറ്റ് തടവുകാരെ വിട്ടത്. 1977 ജൂലൈ മാസത്തിനു ശേഷം അവരുടെ കാര്യം പുനഃപരിശോധിപ്പിച്ചിട്ടുണ്ടോ? ബഹുമാനപ്പെട്ട പി. കെ. വി. മുഖ്യമന്ത്രിയായശേഷം അക്കാര്യത്തെപ്പറ്റി എന്തെങ്കിലും ആലോചിക്കുകയുണ്ടായിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: 20 പേരെ വിട്ടശേഷമാണെന്നാണ് എന്റെ ഓർമ്മ, സെൻട്രൽ ജയിലിൽ തന്നെ തടവുകാർ അവിടത്തെ വാർഡനെ ആക്രമിക്കുകയും ജീവാപായം വരുത്തുകയും ചെയ്തതുപ്പെടെയുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ള സംഭവങ്ങളുടെയെല്ലാം ടോട്ടാലിറ്റി കണക്കിലെടുത്തുകൊണ്ടുവേണം ഈ വിഷയത്തെപ്പറ്റി ചിന്തിക്കാൻ.

ശ്രീ. ആര്യാടൻ മുഹമ്മദ്: 1966-ൽ തലശ്ശേരി-പുൽപ്പള്ളി നക്സലൈറ്റ് ആക്രമണത്തിൽ പങ്കെടുത്ത് അന്നത്തെ ഗവൺമെന്റ് ശിക്ഷിച്ച ആളുകളെയാണ് ഈ ഗവൺമെന്റ് വിട്ടയച്ചത്. നക്സലൈറ്റ് എന്ന പേരിൽ മർദ്ദനം പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടായതിന്റെ ഫലമായി കൈയും കാലും നഷ്ടപ്പെട്ടവരുണ്ട്. ആ പാവങ്ങൾക്ക് വല്ല സഹായവും നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. കെ. എം. മാണി: അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ജയിൽ ലഹളയുടെ റിപ്പോർട്ട് ഞങ്ങൾക്ക് കിട്ടി; നക്സലൈറ്റ് തടവുകാർ ഇടപ്പെട്ടല്ല ജയിൽ ലഹള ഉണ്ടായതെന്ന് പരസ്യമാണ്. അപ്പോൾ, നക്സലൈറ്റ് തടവുകാരെ വിടാതിരിക്കാൻ ജയിൽ ലഹള ഒരു കാരണമായി പറയുന്നത് ശരിയാണോ?

ശ്രീ. കെ. എം. മാണി: ഒരു കാര്യത്തെപ്പറ്റി നൂറു പ്രാവശ്യം ചോദിച്ചതുകൊണ്ട് പ്രയോജനമില്ലല്ലോ. ഗവൺമെന്റ് നയപരമായി ഒരു തീരുമാനം ഇക്കാര്യത്തിൽ എടുത്തു. ഇൻഡിവിഡുവലായി ഓരോ കേസും പരിശോധിച്ചശേഷം 20 പേരെ വിട്ടു. ബാക്കിയുള്ള കേസുകളിൽ വിടുന്നതി ശരിയല്ലെന്നാണ് ഗവൺമെന്റിന്റെ നിലപാട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ശങ്കരൻകുട്ടി: നയപരമായ തീരുമാനമെടുത്തശേഷം ഇപ്പോഴും ബാക്കിയുള്ള 46 പേർക്ക് ഒരു കൊല്ലത്തിനുശേഷം മാനസിക പരിവർത്തനം വരികയും ജനാധിപത്യ മാർഗ്ഗങ്ങളിൽ പ്രവർത്തിക്കാൻ തയ്യാറാകുകയും ചെയ്തിട്ടുണ്ടോയെന്ന് മനസ്സിലാക്കി അവരുടെ കാര്യം കൂടി പ്രത്യേകം പരിഗണിച്ചുകൂടേ?

മി. സ്പീക്കർ: വളരെ വ്യക്തമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണല്ലോ.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: ഒരു കൊല്ലത്തിനുമുമ്പ് നയപരമായി ആലോചിച്ചു എന്നാണ് പറഞ്ഞത്. അതിനുശേഷം മാനസികപരിവർത്തനം വന്നിട്ടുണ്ടോ എന്ന് പരിശോധിച്ചുകൂടേ?

ശ്രീ. കെ. എം. മാണി: ഞാൻ ഇപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ചു. മുഖ്യമന്ത്രിയുടെ അടുത്തുതന്നെ ഒരു ഡെപ്യൂട്ടേഷൻ വരികയുണ്ടായി. അങ്ങനെ പുനഃപരിശോധിക്കാൻ സാദ്ധ്യമല്ല. ജനാധിപത്യ മാർഗ്ഗത്തിലേക്ക് മാറിയതിനെപ്പറ്റിയോ പ്രതിജ്ഞ പുതുക്കുന്ന കാര്യത്തെപ്പറ്റിയോ മാനസികപരിവർത്തനത്തെപ്പറ്റിയോ ഒക്കെയാണ് പറയുന്നത്. ഈ വിഷയം വളരെ ലാഘവബുദ്ധിയോടുകൂടി കാണരുത്. കഴിഞ്ഞ പ്രാവശ്യം ഇരുപത് പേരെ വിട്ടു, അതുകൊണ്ട് എല്ലാവരേയും അങ്ങ് വിടണം എന്നുള്ള ശാഠ്യം ഒരിക്കലും ശരിയല്ല. ഇതു വളരെ പ്രധാനപ്പെട്ടകാര്യമാണ്. നൂറു പ്രാവശ്യം ഒരു ചോദ്യം ചോദിച്ചതുകൊണ്ട് ഗവൺമെന്റിന്റെ നിലപാടിൽ അയവു വരികയില്ല. ഇവരെ വിടാൻ സാധ്യമല്ല.

അടിയന്തിരാവസ്ഥക്കാലത്ത് അനധികൃതമായി കസ്റ്റഡിയിലായിരുന്ന ജീവനക്കാർ

*641 [698] ശ്രീ. ടി. കെ. രാമകൃഷ്ണൻ:
,, എം. വി. രാഘവൻ:
,, എ. പി. കുര്യൻ:
,, എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തിരാവസ്ഥക്കാലത്ത് അനധികൃതമായി കസ്റ്റഡിയിൽവച്ച ജീവനക്കാർക്ക് കസ്റ്റഡിയിലിരുന്ന കാലം സർവ്വീസായി കണക്കാക്കി എല്ലാ ആനുകൂല്യങ്ങളും നൽകാനുള്ള വല്ല നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളെന്നും ആർക്കൊക്കെ അനുകൂലമായെന്നും വ്യക്തമാക്കുമോ;

(സി) ഇത്തരം കേസുകൾ ഇനിയും ബാക്കിയുണ്ടോ;

(ഡി) എങ്കിൽ ആരുടേതൊക്കെ;

(ഇ) ഇവർക്കും ഈ ആനുകൂല്യം കൊടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly